# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6742</u> | <u>10.07.2014 ൽ മറുപടിക്ക്</u>

## കൽപ്പറ്റ ജനറൽ ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കൽപ്പറ്റ ജനറൽ ആശുപത്രിയുടെ കൈനാട്ടിയിലുള്ള പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ; | (എ) ജനറൽ ആശുപത്രിയുടെ പുതിയ കെട്ടിടത്തിന്റെ പണി എൻ.ആർ.എച്ച്.എം മുഖേനയാണ് നടത്തുന്നത്. നാല് കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. നിർമ്മാണപ്രവൃത്തികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.<br>1. സിവിൽ വർക്സ് : ഓപ്പറേഷൻ തിയേറ്റർ-റിനവേഷൻ, ഇന്റേണൽ മോഡിഫിക്കേഷൻ, മുറ്റം ഇന്റർ ലോക്കിംഗ്, ഗേറ്റ്, മതിൽ തുടങ്ങിയവ, 162 സ്ക്വയർ മീറ്റർ ഏരിയ വരുന്ന രണ്ടാമത്തെയും മൂന്നാമത്തെയും നിലകളുടെ നിർമ്മാണം.<br>2. ഇലക്ട്രിക്കൽ വർക്സ്<br>3. ഫയർ ഫൈറ്റിംഗ്സ്<br>4. മെഡിക്കൽ ഗ്യാസ് ലൈൻ<br>5. എച്ച്.വി.എ.സി (ലാമിനാർ ഡക്റ്റ്ഫ്ലോ), എ.സി<br>6. എലിവേറ്റർ മുതലായവ പ്രസ്തുത പ്രവൃത്തിയിൽ ഉൾപ്പെടുന്നു.<br>ഒരു വർഷം കൊണ്ട് പൂർത്തീകരിക്കാം എന്ന കരാറിൽ എച്ച്.എൻ.എൽ. പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത ആശുപത്രി കൈനാട്ടിയിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനായി ഇനിയും എന്തെല്ലാം സജ്ജീകരണങ്ങളാണ് ചെയ്യാനുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) സിവിൽ വർക്ക്സിൽ ഉൾപ്പെടുന്ന ഓപ്പറേഷൻ തീയേറ്റർ, റിനവേഷൻ, ഇന്റേണൽ മോഡിഫിക്കേഷൻ തുടങ്ങിയ വർക്കുകളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. രണ്ടും മൂന്നും നിലകളുടെ നിർമ്മാണം തുടങ്ങിയിട്ടില്ല. |

| | | |
|---|---|---|
| | | ഇതിനുള്ള സാങ്കേതിക അനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ അധിക തസ്തികകളും സൃഷ്ടിക്കേണ്ട തായുണ്ട്. |
| (സി) | പ്രസ്തുത ആശുപത്രി എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ ? | (സി) സൗകര്യങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കാനാവുന്നതാണ്. |

സെക്ഷൻ ഓഫീസർ